മാനന്തവാടിയിൽ നിന്ന് ബാംഗ്ളൂരിലേയ്ക്ക് അന്തർസംസ്ഥാന ബസ് സർവ്വീസ്

155 (5375) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിലെ മാനന്തവാടിയിൽനിന്ന് ബാംഗ്ളൂരിലേക്ക് പുതുതായി അന്തർസംസ്ഥാന ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

നിലവിലുള്ള അന്തർ സംസ്ഥാന കരാറിൽ മാനന്തവാടിയിൽ നിന്നു ബാംഗ്ളൂരിലേക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

സുൽത്താൻ ബത്തേരിയിൽനിന്നും സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

156 (5376) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിൽ വിവിധ റൂട്ടുകളിൽ നേരത്തെ സർവ്വീസ് നടത്തിക്കൊണ്ടിരുന്നതും ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുന്നതുമായ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ ആവശ്യമായ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ബത്തേരി ഡിപ്പോയിൽ പിൻവലിച്ചതും പകരം അനുവദിച്ചതുമായ ബസ്സുകളുടെ വിവരം ലഭ്യമാക്കുമോ ;

(സി) സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി. റൂട്ടുകളിൽ കടന്നു കയറി കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിലാക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സുൽത്താൻ ബത്തേരിയിൽ നിന്നും ആരംഭിച്ച പുതിയ സർവ്വീസുകളുടേയും മറ്റ് ഡിപ്പോകളിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്കുള്ള പുതിയ സർവ്വീസുകളുടെയും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) രാവിലെ 06.00 മണി സുൽത്താൻ ബത്തേരി-നെല്ലാറച്ചാൽ, 6.30 സുൽത്താൻ ബത്തേരി- മുത്തങ്ങ സർവ്വീസുകൾ ഇപ്പോൾ ഓടിക്കുന്നില്ല. വരുമാനം വളരെ കുറവായതുകാരണം പല തവണ പുനഃക്രമീകരിക്കുകയുണ്ടായി, എന്നിട്ടും വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയാതെ വന്നതിനാലാണ് ടി സർവ്വീസുകൾ ഓടിക്കാതിരിക്കുന്നത്. ആയതിനാൽ ടി സർവ്വീസുകൾ പുനരാരംഭിക്കുന്നതിനായി ബസ്സുകൾ അനുവദിക്കേണ്ട ആവശ്യമില്ല. നിലവിൽ ബത്തേരി യൂണിറ്റിൽ 76 ഷെഡ്യൂളുകളും അവ നടത്തുന്നതിന് 90 ബസ്സുകളും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly